# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.745** **07.11.2016 ൽ മറുപടിയ്ക്ക്**

**<u>സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ്</u>**

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സൂപ്പർ ക്ലാസ് റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിക്കേണ്ടതില്ല എന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | മോട്ടോർ വാഹന നിയമത്തിലോ ചട്ടങ്ങളിലോ സൂപ്പർക്ലാസ് റൂട്ടുകൾ എന്ന് വിവക്ഷയില്ല. എന്നാൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ സർവീസുകൾ സൂപ്പർക്ലാസ് സർവീസുകൾ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യ്ക്കു മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സ.ഉ.(പി) നം: 73/2013/ഗതാ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനെതിരെ സ്വകാര്യ ബസ്സുടമകൾ ഫയൽ ചെയ്ത W.P.(C) No.21722/13, തുടങ്ങിയ വിവിധ റിട്ട് പെറ്റീഷനുകളിലെ 17.03.2014-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ടി ഉത്തരവ് ബഹു. ഹൈക്കോടതി ശരിവയ്ക്കുകയുണ്ടായി. എന്നാൽ 20.08.2015-ലെ സ.ഉ. (പി) 45/2015/ഗതാ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ സർവീസുകൾ നടത്തിവന്നിരുന്ന സ്വകാര്യ ബസ്സുകൾ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസുകളായി തുടരുവാൻ അനുവദിക്കുകയുണ്ടായി. |
| (ബി) | ഇതിനുശേഷം ഇത്തരം റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (സി) | എങ്കിൽ സ്വകാര്യ ബസുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റിന്റെ കാലാവധി അവസാനിച്ചാൽ അത് പുതുക്കി നൽകേണ്ടതില്ലെന്ന് ഹൈക്കോടതി വിധി നിലനിൽക്കേ അപ്രകാരം ചെയ്യുത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | സ്വകാര്യ ബസ്സുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നല്കുന്നില്ല. എന്നാൽ 20-08-2015 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എം.എസ്.) നം: 45/2015/ഗതാ പ്രകാരം, സ്വകാര്യ ബസ്സുകളുടെ സൂപ്പർ ക്ലാസ് പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസിനുള്ള പെർമിറ്റ് ആണ് നൽകിയിട്ടുള്ളത്. നിരവധി സ്വകാര്യ സൂപ്പർ ക്ലാസ് സർവീസുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തതോടെ ടി മേഖലയിലെ ജീവനക്കാർ പലരും തൊഴിൽ രഹിതരും, ബസ് ഉടമകൾ വലിയ സാമ്പത്തിക ബാദ്ധ്യതയിലും ആയി. കൂടാതെ ചില പ്രദേശങ്ങളിൽ ഉണ്ടായിരുന്ന യാത്രാ സൗകര്യം ഇല്ലാതായത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും ശ്രദ്ധയിൽപ്പെട്ട സഹചര്യത്തിലാണ് സർക്കാർ ഇത്തരം തീരുമാനം എടുത്തത്. |
| (ഡി) | സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. യുടെ ബസ് സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇപ്രകാരം സ്വകാര്യ ബസുകൾക്ക് പെർമിറ്റ് പുതുക്കി നൽകിയ നടപടി റദ്ദാക്കുവാനും ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. യുടെ സർവ്വീസുകൾ ആരംഭിക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | സ്വകാര്യ ബസ്സുകൾക്ക് സൂപ്പർക്ലാസ് പെർമിറ്റുകൾ പുതുക്കി നല്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**